K16U 1148

Reg. No.: ..............................

Name : ..................................

# II Semester B.Sc.LRP/B.C.A./B.S.W. Degree (CCSS – Reg./Supple./Improve.) Examination, May 2016
## COMMON COURSE IN MALAYALAM
## 2A08 2MAL : സാഹിത്യവിഭാഗങ്ങൾ
## (2014 Admn. Onwards)

Time : 3 Hours                                                                                    Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ''അച്ഛണ്ട വെന്തിഞ്ഞ ഇന്നാ ! ഏൻ പയേ കണ്ടങ്ങോരനായിട്ടു തന്നെ ചീവിച്ചോളാം'' – കഥയിൽ ആവിഷ്കരിക്കപ്പെടുന്ന ദളിത് പരിപ്രേക്ഷ്യം വിശദീകരിക്കുക.

2) വർത്തമാനകാല ജീവിതത്തിന് നേരെയുള്ള താജിന്റെ ചിരിയിലെ കണ്ണീരും തീയും 'രാവുണ്ണി'യെ ആസ്പദമാക്കി വിശദീകരിക്കുക.

3) ഉത്പത്തി പുസ്തകം മുതൽ ചർച്ച ചെയ്യപ്പെടുന്ന മനുഷ്യന്റെ അനാദിയായ ആവേഗങ്ങളിൽ പെട്ട് തകർന്നുടയുന്ന മനുഷ്യന്റെ തന്നെ കഥയാണ് ''ആയുസ്സിന്റെ പുസ്തകം'' – പരിശോധിക്കുക.

4) 'പ്രാഞ്ചിയേട്ടൻ' എന്ന തിരക്കഥയുടെ ആഖ്യാന തന്ത്രങ്ങൾ വിശദീകരിക്കുക.

(2×7=14)

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) 'പഴയ ശ്മശാനങ്ങൾക്കു മുകളിലായി ഒരു പുതിയ ഫാക്ടറിയും ഒരു പുതിയ ജനപദവും ഉയർന്നുവന്നു'. ഇവിടെ സാക്ഷിയാക്കപ്പെട്ടവന്റെ വേദനകൾ വിശദീകരിക്കുക.

6) ''എണ്ണത്തമ്പാനേണ്ണു വിളിക്കാൻ മനസ്സ് തൊണ്ടേ വർത്തമാനം പറഞ്ചാമതി.'' – ഇപ്രകാരം പറയാനുണ്ടായ കാരണമെന്ത് ?

7) ''എടാ തിരുമണ്ടാ, എന്റെ നിഴലു കണ്ടാൽ പരിചയക്കാര് പുതിയ വഴിയുണ്ടാക്കി പായും. പൊന്നുമോനല്ലേ മിടുക്കനല്ലേ... അച്ഛൻ പോട്ടെ.'' – സന്ദർഭമെഴുതി വിശദീകരിക്കുക.

8) 'സന്തോഷത്തോടെ നോക്കുമ്പോൾ ഞെട്ടലോടെ കണ്ടു; ഭാര്യയുടെ കഴുത്തിൽ സ്വർണ്ണമാല ഇല്ല' – വിശദീകരിക്കുക.

P.T.O.

9) 'ആയുസ്സിന്റെ പുസ്തകത്തിലെ' 'സാറാ' എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

10) യു. കെ. കുമാരന്റെ കഥകളെക്കുറിച്ച് ഉപന്യസിക്കുക. (4x3=12)

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) മാണിക്കൻ എന്ന കഥയിലെ പ്രമേയവുമായി സാമീപ്യമുള്ള ഇതര കൃതികൾ പരിചയപ്പെടുത്തുക.

12) ''പിന്നെ സംഭവിച്ചതൊന്നും ആലോചനയോടെയല്ല. താനേ കയറിന്റെ തുമ്പെടുത്ത് കോവണിയുടെ അഴിയിൽ കെട്ടി. എന്നിട്ട് രണ്ടു കൈകൊണ്ടും കയറിൽ പിടിച്ചു ചവിട്ടിച്ചവിട്ടിയങ്ങു കയ്യറി.'' – വിശദീകരിക്കുക.

13) 'പ്രാഞ്ചിയേട്ടനി'ലെ പോളി എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പെഴുതുക.

14) മേരിയും നൈനാച്ചനും തമ്മിലുള്ള ബന്ധം, ജീവിതത്തിൽ ചതിക്കപ്പെടുന്ന സ്ത്രീത്വത്തെ വെളിപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കുക.

15) ''അന്നെന്നെ കുടിയിറക്കിയ അതേ ആവേശത്തോടെ ഇന്നെന്തിനാണെന്നെ കുടിയിരുത്തുന്നത് ?'' – സന്ദർഭം വിശദമാക്കുക.

16) ''ഹ! ചുമ്മാ മുണ്ടാണ്ടിരിയെടാ കണ്ടങ്ങാരാ, എണ്ട മകള് ചക്കിക്ക പെലേനല്ലേ നീ'' – സന്ദർഭമേത് ? വിശദമാക്കുക. (4x2=8)

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) ബഷീറിന്റെ 'നീലവെളിച്ചം' എന്ന കഥയിൽ നിന്നും പുനഃസൃഷ്ടിക്കപ്പെട്ട ചലച്ചിത്രമേത് ?

18) ഗാന്ധിജിയെക്കുറിച്ച് 'അഭിനവ പാർത്ഥസാരഥി' എന്ന രചനയിലൂടെ മലയാള സാഹിത്യത്തിലേക്ക് കടന്നുവന്ന കഥാകാരിയാര് ?

19) പ്രാഞ്ചിയേട്ടനിലെ 'വാസുമേനോൻ' എന്ന കഥാപാത്രത്തെ സിനിമയിൽ അവതരിപ്പിച്ച നടനാര് ?

20) 'വൃക്ഷത്തെ ഇരുട്ട് വലയം ചെയ്തു നിന്നു. ഇരുണ്ട ശിഖരത്തിൽ നിന്ന് ഒരിലപോലെ ഞാന്നു കിടന്നപ്പോൾ അഗാധമായ ഉറക്കം അയാളുടെ മേൽ വീണു. അങ്ങനെ അയാൾ തന്റെ ജനത്തോടു ചേർന്നു'. ആരാണിപ്രകാരം ചെയ്തത് ?

21) ''കരിയുമ്പോൾ വെരകാൻ കയിലേ ശേഷിക്കുകയുള്ളു എന്ന പരമാർഥം മനസ്സിലാക്കാനുള്ള ബുദ്ധിശക്തി ആ മിഥ്യാഭിമാനിക്കില്ലാതെപോയി'' – മിഥ്യാഭിമാനിയാര് ?

22) ''ഒന്നു പതുക്കെ കുലുക്ക്.... പോസ്റ്റുമോർട്ടം അവരെല്ലാം വാരിക്കുത്തി നിറച്ചതാ''. ഏത് കൃതിയിലെ വാക്യം ?

23) 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി.' എന്നത് ആരുടെ കഥയാണ് ?

24) 'പോലീസുകാരന്റെ പെണ്മക്കൾ' എന്ന കഥയെഴുതിയതാര് ? (6x1=6)